# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**നമ്പർ: 23/2026**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ............................................................................................................ ............................................................................................................................ പള്ളി വികാരിക്കും, സഹ പട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ഭരണസമിതിയംഗങ്ങൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,

പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട നമ്മുടെ സഭ, പ്രതിസന്ധികൾക്കിടയിലും അഭിവൃദ്ധിപ്പെട്ടു വരുന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. മലങ്കര സഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും സ്വത്വബോധത്തിന്റെയും തദ്ദേശീയതയുടെയും പ്രതീകമായ പൗരസ്ത്യ കാതോലിക്കേറ്റിന്റെ പ്രസക്തിയും മൂല്യവും സ്മരിക്കുന്നതിനും സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കുന്നതിനുമായിട്ടാണല്ലോ **സഭാദിനം** അഥവാ **കാതോലിക്കാദിനം** ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. 2026-ലെ കാതോലിക്കാ ദിനം വലിയ നോമ്പിലെ 36-ാം ഞായറാഴ്ചയായ മാർച്ച് മാസം 22-ാം തീയതിയാണ്. അന്നേദിവസം വി. കുർബ്ബാനമദ്ധ്യേ പരിശുദ്ധ സഭയ്ക്കുവേണ്ടി പ്രത്യേകമായി പ്രാർത്ഥിക്കണം; കാതോലിക്കേറ്റ് പതാക ഉയർത്തുകയും ഏവരും സഭാദിന പ്രതിജ്ഞ എടുക്കുകയും ചെയ്യണം. കാതോലിക്കേറ്റിന്റെ പ്രസക്തിയും പരിശുദ്ധ സഭയുടെ വിശ്വാസവും പാരമ്പര്യവും സംബന്ധിച്ചുള്ള പ്രത്യേകമായ പ്രബോധനങ്ങളും അതിനോടനുബന്ധിച്ച് ക്രമീകരിക്കണം. അന്നേദിവസം വി. കുർബ്ബാന ഇല്ലാത്ത ദേവാലയങ്ങളിൽ അടുത്ത ഞായറാഴ്ച കാതോലിക്കാ ദിന ആഘോഷങ്ങൾ നടത്തി പ്രത്യേക കാണിക്ക എടുക്കേണ്ടതാണ്.

കാതോലിക്കാദിന ധനസമാഹരണത്തിലൂടെ ലഭിക്കുന്ന തുകയാണല്ലോ പ. സഭയുടെ പ്രധാന വരുമാനം. പരിശുദ്ധ സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ആത്മീയ സംഘടനകളുടെ പോഷണത്തിനും നാം പ്രധാനമായും ആശ്രയിക്കുന്നത് കാതോലിക്കാദിന കവർ കളക്ഷനെയാണ്. കഴിഞ്ഞ വർഷം കാതോലിക്കാദിന ധനസമാഹരണത്തിലൂടെ ലഭിച്ച തുക ഉദ്ദേശിച്ചതിലും കുറവായതിനാൽ സഭയുടെ ബഹുവിധ പദ്ധതികൾക്കുള്ള ധനസഹായം പൂർണ്ണമായി നൽകുന്നതിന് സാധ്യമാകാതെ വന്നിരിക്കയാണ്.

പ്രിയരെ,

കേരളത്തിലെ പ്രധാന നഗരങ്ങളിലെല്ലാം 'പബ്ലിക് റിലേഷൻസ് സെന്ററുകൾ' ആരംഭിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഒരു കേന്ദ്രം നിർമ്മിക്കുന്നതിന് കല്ലിടുകയും, എറണാകുളത്ത് ഒരു കെട്ടിടം വാങ്ങി പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൊടുങ്ങല്ലൂരിൽ മാർത്തോമ്മാ ശ്ലീഹാ ഭാരതത്തിൽ ആദ്യം തന്റെ പാദമുദ്രകൾ പതിപ്പിച്ച സ്ഥലത്ത് ഒരു ഭൂമി സ്വന്തമാക്കുകയും, ഉചിതമായ ഒരു സ്മാരകം നിർമ്മിക്കുന്നതിനായി ശിലാസ്ഥാപനം നടത്തുകയും ചെയ്തുകഴിഞ്ഞു. നിർമ്മാണത്തിനായി സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഉടൻതന്നെ നിർമ്മാണം ആരംഭിക്കും. ഹരിപ്പാട് ഒരു 'പബ്ലിക് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടും,' കൊഴുവല്ലൂരിൽ പാരാമെഡിക്കൽ കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങളും പരുമല ആശുപത്രിയുടെ മേൽനോട്ടത്തിൽ ആരംഭിക്കുവാനുള്ള പ്രാഥമിക നടപടികൾ തുടങ്ങി. മതിലകത്ത് ഒരു ക്യാമ്പ് സെന്ററും, കോട്ടയം പനച്ചിക്കാട്ട് ആരംഭിച്ചിട്ടുള്ള ആയുർവേദ ആശുപത്രിയുടെ വികസനവും, പൈങ്ങോട്ടൂരിൽ മുതിർന്ന പൗരന്മാർക്കായുള്ള 'വെൽഫെയർ ഹോംസ്' നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്. 'ആർദ്ര ചാരിറ്റബിൾ പ്രൊജക്ടും'

(മറുപുറം)

'സഹോദരൻ' പദ്ധതിയും ഒരിക്കലും വിസ്മരിക്കാനാവാത്ത സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്ന പദ്ധതികളായി പ്രവർത്തനം തുടരുന്നു. ഈ പദ്ധതികളുടെയെല്ലാം സാക്ഷാത്കാരത്തിനായി കാതോലിക്കാദിന കവർ കളക്ഷനെത്തന്നെയാണ് നാം കൂടുതലായി ആശ്രയിക്കുന്നത്. സഭയിലെ ഇടവകകളിൽ നിന്ന് 15 കോടി രൂപയും, വ്യക്തികളിൽ നിന്ന് 5 കോടി രൂപയും, സഭാ സ്ഥാപനങ്ങളിൽ നിന്ന് 2 കോടി രൂപയും ഉൾപ്പെടെ 22 കോടി രൂപ 2026-27 വർഷം കാതോലിക്കാദിന പിരിവിലൂടെ സമാഹരിക്കണമെന്നാണ് നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ഒരു കുടുംബത്തിന്റെ ഒരു ദിവസത്തെ ശരാശരി വരുമാനമെങ്കിലും പരിശുദ്ധ സഭയുടെ പുരോഗതിക്കായി നൽകണം. ഒരു കുടുംബത്തിലെ സ്ഥിരവരുമാനമുള്ള എല്ലാവരുടെയുംകൂടി ഒരു ദിവസത്തെ വരുമാനമാണ് ശരാശരി വരുമാനമായി കണക്കാക്കേണ്ടത്. സഭയോടുള്ള സ്നേഹത്തെയും കരുതലിനെയും പ്രതി സഭയുടെ പുരോഗതിക്കുവേണ്ടി ദൈവസന്നിധിയിൽ സമർപ്പിക്കുന്ന കാഴ്ചയായി കരുതി ഏവരും ഇക്കാര്യത്തിൽ പങ്കുചേരണമെന്ന് നാം സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു. 'ദശാംശം ദൈവത്തിനുള്ളതാണ്'എന്ന വേദസത്യം നാം പ്രത്യേകം ഓർക്കണം. സഭാ മക്കൾ എല്ലാവരും സഭാദിനാചരണത്തിലും കവർ പിരിവിലും ആത്മാർത്ഥമായി സഹകരിക്കണം.

കവർ കളക്ഷൻ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുവാൻ കാതോലിക്കാദിന കവറും ഫോൾഡറും എല്ലാ ഭവനങ്ങളിലും യഥാസമയം എത്തിക്കണം. ഇടവക വികാരിമാർ ഇക്കാര്യത്തിൽ പ്രത്യേകം താത്പര്യം എടുത്ത് കഴിവുള്ളിടത്തോളം ഭവനങ്ങൾ സന്ദർശിച്ച് ടാർജറ്റിൽ കവിഞ്ഞ തുക സ്വരൂപിക്കണം. ഈ തുകയോടൊപ്പം സഭാദിന കാണിക്കയും, റിശ്ശീസായും ചേർത്ത് സഭാകേന്ദ്രത്തിൽ നിശ്ചിതസമയത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. കാതോലിക്കാ ദിനപിരിവായി കഴിഞ്ഞ വർഷം ലക്ഷ്യമിട്ടിരുന്ന ഇരുപത്തിരണ്ട് കോടി രൂപയിലേക്ക് നാം എത്തിയിട്ടില്ല. ആ ഇടവകയിലെ ഭവനമൊന്നിന് കുറഞ്ഞത് ......../- രൂപാ എന്ന നിരക്കിൽ സംഭാവന തുക നിശ്ചയിച്ചിരിക്കുന്നു. ആ പള്ളിയുടെ ടാർജറ്റ് ...................................................രൂപയായിരിക്കും.

വാത്സല്യമുള്ളവരെ, ബലഹീനനായ നമ്മെയും, സഹോദര മെത്രാപ്പോലീത്താമാരെയും, വൈദികഗണത്തെയും, സന്യാസ സമൂഹങ്ങളെയും, ആത്മീയ സംഘടനാ പ്രവർത്തകരെയും ലോകമെങ്ങുമുള്ള വിശ്വാസികളെയും ഓർത്ത് നിങ്ങളേവരും പ്രാർത്ഥിക്കണം. സഭയിൽ ശാശ്വത സമാധാനം സ്ഥാപിക്കപ്പെടുന്നതിനും ഭിന്നതകളും കലഹങ്ങളും പൂർണ്ണമായും ഇല്ലാതാകുന്നതിനും ഓരോ വിശ്വാസിയുടെയും പ്രാർത്ഥന വിലയേറിയതാണ് എന്ന് നാം കരുതുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ വി. മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2026 ഫെബ്രുവരി മാസം 09-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**